

സ്വന്തം ജനനപ്രക്രിയയെയും രൂപ പരിണാമങ്ങളെയും കുറിച്ച് ആഴത്തിൽ ആലോചിച്ചു നോക്കുന്ന മനുഷ്യന്ന്, തന്നെ ഇത്രയൊക്കെ അതുല്യമായ വൈഭവത്തോടെ സൃഷ്ടിച്ചു പാലിച്ച ദൈവത്തിന്ന് മരണാനന്തരം വീണ്ടും തന്നെ ഉയിർത്തെഴുന്നേൽപ്പിക്കുക ഒട്ടും പ്രയാസമുള്ള കാര്യമല്ലെന്ന് അനായാസം ബോധ്യമാകുന്നതാണ്.

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ-23

# അൽ മുഅ്മിനൂൻ

10. അവരാകുന്നു വിശിഷ്ടരായ അനന്തരാവകാശികൾ.

أُوْلَٰٓئِكَ هُمُ ٱلْوَٰرِثُونَ ﴿١٠﴾

11. പറുദീസയുടെ അവകാശികളാവുകയും അതിൽ നിത്യമായി വസിക്കുകയും ചെയ്യുന്നവർ.

ٱلَّذِينَ يَرِثُونَ ٱلْفِرْدَوْسَ هُمْ فِيهَا خَٰلِدُونَ ﴿١١﴾

**10-11**

(വിശിഷ്ടരായ) അവകാശികൾ= ٱلْوَٰرِثُونَ  അവർ തന്നെയാകുന്നു = أُوْلَٰٓئِكَ هُمُ

അവർ അതിൽ = هُمْ فِيهَا  പറുദീസ(യുടെ) = ٱلْفِرْدَوْسَ  അനന്തരാവകാശികളാകുന്നവരായ = ٱلَّذِينَ يَرِثُونَ

നിത്യവാസികൾ (നിത്യമായി വസിക്കുകയും ചെയ്യും) = خَٰلِدُونَ

മുകളിൽ പറഞ്ഞ സ്വഭാവ ചര്യകളും സംസ്കാരവുമുള്ള യഥാർഥ വിശ്വാസികൾ മാത്രമാകുന്നു മരണാനന്തരം നിത്യ സ്വർഗത്തിന്റെ അവകാശികളായിത്തീരുന്നവർ. മറ്റൊരാളുടെ വസ്തുവഹകൾക്ക് അയാളുടെ കാലശേഷം അവകാശികളായി വരുന്നവരാണ് وارثون. ഇവിടെ ആർക്ക് ശേഷമാണ് വിശ്വാസികൾ അനന്തരാവകാശികളാകുന്നത് എന്നൊരു ചോദ്യമുണ്ട്. ഖുർആൻ വ്യാഖ്യാതാക്കൾ ഇതിന് വ്യത്യസ്തമായ പല മറുപടികൾ നൽകിയിരിക്കുന്നു. 1. സ്വർഗം ആദി പിതാവ് ആദമിന് അല്ലാഹു ദാനം ചെയ്തതായിരുന്നു. അദ്ദേഹത്തിന്റെ മക്കൾക്കെല്ലാം അതിൽ പിന്തുടർച്ചാവകാശമുണ്ട്. പക്ഷേ, മുകളിൽ പറഞ്ഞ ഗുണങ്ങളുള്ളവർക്ക് മാത്രമേ ആ അവകാശം നിലനിർത്താനും നേടിയെടുക്കാനും കഴിയൂ. 2. യഥാർഥ വിശ്വാസികൾ അവരുടെ പിതാവിനു നഷ്ടപ്പെട്ട സ്വർഗത്തിന് അനന്തരാവകാശികളായിത്തീരുന്നു. പിതാവിനെപ്പോലെ പിന്നീട് ആ സ്വർഗം നഷ്ടപ്പെടുമെന്ന് അവർ ഭയപ്പെടേണ്ടതില്ല. ഇനി പിതാവിനോടൊപ്പം അവർക്കും അവിടെ എന്നെന്നും വസിക്കാം. തങ്ങളുടെ ജന്മശത്രുവായ ചെകുത്താനെ എന്നന്നേക്കുമായി പരാജയപ്പെടുത്തിയവരാണവർ. 3. സ്വർഗം മൗലികമായി എല്ലാ മനുഷ്യപുത്രന്മാർക്കും അവകാശപ്പെട്ടതായിരുന്നു. പക്ഷേ, കുറെ പേർക്ക് സത്യനിഷേധവും അധർമങ്ങളും കൈക്കൊണ്ടത് മൂലം സ്വർഗത്തിലുള്ള അവകാശം നഷ്ടപ്പെട്ടു. പകരം അവർ നരകത്തിൽ അവകാശം നേടുകയും ചെയ്തു. സത്യവിശ്വാസം കൈക്കൊള്ളുകയും സത്യധർമങ്ങളാചരിക്കുകയും ചെയ്തവർ സത്യനിഷേധികൾക്ക് നഷ്ടപ്പെട്ട സ്ഥാനത്തിനു കൂടി അവകാശികളായിത്തീരുന്നു. 4. وارثون എന്ന വാക്കിന് അനന്തരാവകാശി എന്നാണ് ഭാഷാർഥമെങ്കിലും ഇവിടെ അവകാശികൾ എന്ന അർഥമേ ഉദ്ദേശിച്ചിട്ടുള്ളൂ.

സ്വർഗത്തിന്റെ അത്യുന്നത സ്ഥാനങ്ങളാണ് ഫിർദൗസ്-പറുദീസ- ഈ ലോകത്ത് സത്യത്തിന്റെ വിജയത്തിനു വേണ്ടി ജീവിതം സമർപ്പിച്ചവരാണ് ഈ അത്യുന്നത സ്വർഗീയാരാമങ്ങൾകൊണ്ടനുഗ്രഹിക്കപ്പെടുക.

യഥാർഥ സത്യവിശ്വാസികളുടെ സ്വഭാവ ചര്യകൾ വർണിച്ചുകൊണ്ടുള്ള പ്രാരംഭ സൂക്തങ്ങൾ ഇവിടെ അവസാനിച്ചിരിക്കുന്നു. ഈ സൂക്തങ്ങൾ അവതരിപ്പിക്കുന്ന സുപ്രധാനമായ തത്ത്വങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. ജീവിതത്തിന്റെ നിയാമക ശക്തിയായി വർത്തിക്കുന്ന രൂഢമൂലമായ ഈമാനിനെ ആശ്രയിച്ചിരിക്കുന്നു

അല്ലാഹുവിങ്കൽ മനുഷ്യന്റെ സകല നന്മകളും വിജയങ്ങളും. കേവലം ബാഹ്യമാത്രമായ ഈമാനിന് അല്ലാഹുവിങ്കൽ വില യില്ല.

2. യഥാർഥ ഈമാനിന്റെ പ്രാഥമിക ലക്ഷണം നമസ്കാരമാകുന്നു. നമസ്കരിക്കാൻ പ്രചോദിപ്പിക്കാത്ത വിശ്വാസം വിറകിനു മാത്രം കൊള്ളാവുന്ന മരം പോലെ ഫലശൂന്യമാകുന്നു.

3. നമസ്കാരത്തിന്റെ ജീവൻ ഭയഭക്തി-خشوع - അഥവാ അല്ലാഹുവിനോടുള്ള ബഹുമാനവും വിധേയത്വവും അനുസരണവും അവന്റെ അപ്രീതിയിലുള്ള ഭയവുമാകുന്നു. خشوع-ൽ നിന്ന് മുക്തമായ നമസ്കാരം ജീവിതത്തെ സ്വാധീനിക്കുക യില്ല.

4. خشوع ഉള്ള നമസ്കാരം മനുഷ്യനെ കെടുകാര്യങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും അധർമങ്ങളിൽ നിന്നും അശ്ലീലങ്ങളിൽ നിന്നും മോചിപ്പിക്കുന്നു. നമസ്കാരം അടിമക്ക് ദൈവത്തിന്റെ സാന്നിധ്യം പ്രദാനം ചെയ്യുന്നു. ഈ സാന്നിധ്യാനുഭൂതി ദൈവത്തിന്റെ പരിശുദ്ധിക്കും മഹത്വത്തിനും നിരക്കാത്ത എല്ലാ സ്വഭാവങ്ങളിൽ നിന്നും നടപടികളിൽ നിന്നും അടിമയെ അകറ്റുന്നു.

5. ഈമാനിന്റെ രണ്ടാമത്തെ ലക്ഷണം സകാത്ത് അഥവാ തന്റെ സമ്പത്തും കഴിവുകളും യോഗ്യതകളും ധർമ മാർഗത്തിൽ വിനിയോഗിക്കൽ ആകുന്നു. ശർഈ വിധികളിൽ ഏറ്റവും പ്രഥമവും പ്രധാനവുമാണ് നമസ്കാരവും സകാത്തും. മറ്റു ശരീഅത്ത് വിധികളുടെയെല്ലാം അച്ചുതണ്ടാണത്. അതിൽ ഒന്നിന്റെ അന്തകൻ മറ്റേതിന്റെയും അന്തകനാകുന്നു. ഈ അടിസ്ഥാനത്തിൽ ഖലീഫ അബൂബക്ർ(റ) സകാത്ത് നിഷേധികളോട് യുദ്ധം ചെയ്യുകയുണ്ടായി.

6. മനസ്സും മുതലും ദൈവത്തിന്റെ അധികാരത്തിനു സമർപ്പിച്ചവർ സ്വന്തം അഭിലാഷങ്ങളെയും ആസക്തികളെയും അന്ധമായി അനുധാവനം ചെയ്ത് ദൈവിക നിയമങ്ങൾ ലംഘിക്കാനോ ദൈവദാസന്മാരുടെ അവകാശങ്ങൾ ഹനിക്കാനോ പ്രകൃതിയെ അതിക്രമിക്കാനോ മുതിരുകയില്ല.

7. യഥാർഥ വിശ്വാസികൾ അല്ലാഹുവിനോടും അടിമകളോടും തികഞ്ഞ ഉത്തരവാദിത്തബോധത്തോടെ വർത്തിക്കുന്നവരും കരാറുകളും പ്രതിജ്ഞകളും ജാഗ്രതയോടെ പാലിക്കുന്നവരുമായിരിക്കും.

8. അവർ നമസ്കാരം അതിന്റെ പൂർണ രൂപത്തിലും ഭാവത്തിലും നിർവഹിക്കുന്നു. നമസ്കാരം അവരുടെ ദീനീ പ്രതിബദ്ധതയെ ഒരു കോട്ടമതിൽ പോലെ സംരക്ഷിക്കുന്നു.

9. ഇപ്പറഞ്ഞ ഗുണങ്ങളുള്ളവർ മാത്രമാണ് പരലോകത്ത് സ്വർഗത്തിനവകാശികളാവുക. അതാണ് യഥാർഥ ജീവിത സാഫല്യം.

ഈ തത്ത്വങ്ങളെല്ലാം അടുത്ത സൂറയായ *അന്നൂറി*ൽ കൂടുതൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ■

---

وَلَقَدۡ خَلَقۡنَا ٱلۡإِنسَٰنَ مِن سُلَٰلَةٖ مِّن طِينٖ ﴿١٢﴾

ثُمَّ جَعَلۡنَٰهُ نُطۡفَةٗ فِي قَرَارٖ مَّكِينٖ ﴿١٣﴾

ثُمَّ خَلَقۡنَا ٱلنُّطۡفَةَ عَلَقَةٗ فَخَلَقۡنَا ٱلۡعَلَقَةَ مُضۡغَةٗ فَخَلَقۡنَا
ٱلۡمُضۡغَةَ عِظَٰمٗا فَكَسَوۡنَا ٱلۡعِظَٰمَ لَحۡمٗا ثُمَّ أَنشَأۡنَٰهُ خَلۡقًا ءَاخَرَۚ
فَتَبَارَكَ ٱللَّهُ أَحۡسَنُ ٱلۡخَٰلِقِينَ ﴿١٤﴾

**12.** മർത്യനെ നാം കളിമൺ സത്തിൽ നിന്നു സൃഷ്ടിച്ചു.

**13.** പിന്നീടവനെ ഒരു സുരക്ഷിത സ്ഥാനത്തു ളവാകുന്ന ശുക്ലബീജമാക്കി.

**14.** അനന്തരം ശുക്ലബീജത്തെ സിക്തകോശമായി രൂപപ്പെടുത്തി. പിന്നെ സിക്തകോശത്തെ ചർവണമാംസമാക്കി പരിവർത്തിപ്പിച്ചു. പിന്നെ ചർവ്വണ മാംസത്തെ അസ്ഥികളാക്കി പടച്ചു. എന്നിട്ട് അസ്ഥികളെ മാംസം പൊതിഞ്ഞു. അനന്തരം അവനെ തികച്ചും മറ്റൊരു സൃഷ്ടിയാക്കി വളർത്തിയെടുത്തു. ഏറ്റവും സുന്ദരമായി സൃഷ്ടിക്കുന്നവനായ അല്ലാഹു അളവറ്റ അനുഗ്രഹമുടയവൻ തന്നെ.

**12–14**

وَلَقَدۡ خَلَقۡنَا ٱلۡإِنسَٰنَ = തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചു  مِن سُلَٰلَةٖ = സത്തിൽ നിന്ന്

مِّن طِينٖ = കളിമണ്ണിൽ നിന്നുള്ള  ثُمَّ جَعَلۡنَٰهُ = പിന്നീട് നാം അവനെ ആക്കി  نُطۡفَةٗ = രേതസ്കണം, ശുക്ലബീജം

فِي قَرَارٖ مَّكِينٖ = സുരക്ഷിത സ്ഥാനത്തിൽ (ഉളവാകുന്ന) നിലകൊള്ളുന്ന

ثُمَّ خَلَقۡنَا ٱلنُّطۡفَةَ = അനന്തരം ശുക്ലബീജത്തെ നാം പടച്ചു (രൂപപ്പെടുത്തി)

عَلَقَةٗ = മാംസപിണ്ഡമായി, സിക്തകോശമായി  فَخَلَقۡنَا ٱلۡعَلَقَةَ = എന്നിട്ട് സിക്തകോശത്തെ നാം പടച്ചു (പരിവർത്തിപ്പിച്ചു)

مُضۡغَةٗ = മാംസപിണ്ഡം, ചർവണ മാംസമായിട്ട്  فَخَلَقۡنَا ٱلۡمُضۡغَةَ = പിന്നെ ചർവണ മാംസത്തെ പടച്ചു

# ഖുർആൻ ബോധനം

| |
|---|
| മാംസത്താൽ = لَحۡمًا പിന്നെ ആ അസ്ഥികളെ നാം ധരിപ്പിച്ചു (പൊതിഞ്ഞു) = فَكَسَوۡنَا ٱلۡعِظَٰمَ അസ്ഥികളായിട്ട് = عِظَٰمًا |
| (തികച്ചും) മറ്റൊരു സൃഷ്ടിയായിട്ട് = خَلۡقًا ءَاخَرَ പിന്നെ അവനെ നാം ഉണ്ടാക്കി (വളർത്തിയെടുത്തു) = ثُمَّ أَنشَأۡنَٰهُ |
| അല്ലാഹു അളവറ്റ അനുഗ്രഹമുടയവൻ തന്നെ = فَتَبَارَكَ ٱللَّهُ |
| സ്രഷ്ടാക്കളിൽ ഏറ്റവും നല്ലവനായ (ഏറ്റവും സുന്ദരമായി സൃഷ്ടിക്കുന്നവനായ) = أَحۡسَنُ ٱلۡخَٰلِقِينَ |

യഥാർഥ സത്യവിശ്വാസികളുടെ സ്വഭാവ ചര്യകൾ വർണിച്ചുകൊണ്ട്, ആ സ്വഭാവ ചര്യകൾ സ്വായത്തമാക്കുന്നവർക്ക് പാരത്രിക പറുദീസയുടെ സുവിശേഷം നൽകിയ ശേഷം, അല്ലാഹുവിന്റെ ഏകത്വത്തെയും സൃഷ്ടി വൈഭവത്തെയും ധർമശാസനകളെയും നിഷേധിച്ചുകൊണ്ട് പരലോക വിശ്വാസത്തെ പരിഹസിക്കുന്നവരോട്, അവർ നിഷേധിക്കുന്ന സംഗതികളുടെ യാഥാർഥ്യത്തിന് അവരുടെ ജീവിതത്തിലും അവർ ഉൾക്കൊള്ളുന്ന പ്രപഞ്ചത്തിലും തെളിഞ്ഞു കാണുന്ന ദൃഷ്ടാന്തങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. ആദ്യം പരാമർശിക്കുന്നത് മർത്യ ജന്മത്തിൽ തന്നെയുള്ള ദൃഷ്ടാന്തങ്ങളാണ്. സ്വന്തം ജനനപ്രക്രിയയെയും രൂപ പരിണാമങ്ങളെയും കുറിച്ച് ആഴത്തിൽ ആലോചിച്ചു നോക്കുന്ന മനുഷ്യന്ന്, തന്നെ ഇത്രയൊക്കെ അതുല്യമായ വൈഭവത്തോടെ സൃഷ്ടിച്ചു പാലിച്ച ദൈവത്തിന്ന് മരണാനന്തരം വീണ്ടും തന്നെ ഉയിർത്തെഴുന്നേൽപ്പിക്കുക ഒട്ടും പ്രയാസമുള്ള കാര്യമല്ലെന്ന് അനായാസം ബോധ്യമാകുന്നതാണ്. ആസൂത്രണ പാടവത്തോടെ യുക്തിയോടെ മനുഷ്യനെ സൃഷ്ടിച്ച ശേഷം ദൈവം അവനെ കൈയൊഴിയുകയല്ല ചെയ്തിട്ടിട്ടുള്ളത്. അവന് സോദ്ദേശ്യമായ ജീവിതം കെട്ടിപ്പടുക്കാനും വികസിപ്പിക്കാനുമുള്ള എല്ലാ ഉപാധികളും ബാഹ്യലോകത്ത് ഒരുക്കിവെച്ചു. ജാഗ്രതയോടെ സംരക്ഷിച്ചു വരികയും ചെയ്യുന്നു. ഈ വിധം പ്രവർത്തിക്കുന്ന ദൈവം തന്റെ സൃഷ്ടികളുടെ ജീവിതത്തിന് ഒരർഥവും കൽപ്പിച്ചില്ലെന്ന് വിചാരിക്കാൻ സാമാന്യ ബുദ്ധിക്കു കഴിയില്ല. അഥവാ വല്ല അർഥവും കൽപ്പിച്ചിട്ടുണ്ടെങ്കിൽ അത് അവൻ സാക്ഷാത്കരിച്ചുവോ ഇല്ലേ എന്ന് പരിശോധിക്കുകയില്ലെന്ന് വിശ്വസിക്കാനും കഴിയില്ല. ജീവിതത്തെ സാർഥകമാക്കിയവർക്ക് അതിന്റെ ഫലവും, നിരർഥകമാക്കിയവർക്ക് അതിന്റെ ഫലവും അനുഭവിപ്പിക്കുന്ന ഒരവസരമുണ്ടായേ തീരൂ. അതാണ് പ്രതിഫല നാൾ, മരണാനന്തര ജീവിതം.

മനുഷ്യജനനത്തിന്റെ, ഇവിടെ പറയുന്ന ഘട്ടങ്ങൾ നേരത്തെ സുറഃ അൽഹജ്ജ് 5-ാം സൂക്തത്തിൽ പറഞ്ഞിട്ടുള്ളതാണ്. ജനനം വരെയുള്ള അവസ്ഥാന്തരങ്ങൾ കുറെക്കൂടി വ്യക്തമാക്കിയിട്ടുണ്ടിവിടെ. نُطۡفَةً - عَلَقَةً - مُضۡغَةً എന്നീ പദങ്ങളുടെ അർഥം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ വിശദമാക്കിയിരിക്കുന്നു. അതിൽ മനുഷ്യസൃഷ്ടിയുടെ അവസ്ഥാന്തരങ്ങളെ കുറിച്ചു പറഞ്ഞത് മരണാനന്തര ജീവിതത്തിന്റെ സാധ്യതക്കുള്ള ദൃഷ്ടാന്തമായിട്ടാണെന്ന് ആ സൂക്തത്തിന്റെ إِن كُنتُمۡ فِي رَيۡبٖ مِّنَ ٱلۡبَعۡثِ (ഉയിർത്തെഴുന്നേൽപ്പിനെ കുറിച്ചു നിങ്ങൾ സംശയിക്കുന്നുവെങ്കിൽ) എന്ന തുടക്കം തന്നെ വ്യക്തമാക്കുന്നു. സൃഷ്ടിയിൽ അല്ലാഹു ക്രമാനുഗതമായ വികാസവും പരിണാമ ദശകളും നിശ്ചയിച്ചത് ഓരോ മനുഷ്യനും തന്നിൽ തന്നെ അല്ലാഹുവിന്റെ യുക്തി ദീക്ഷയുടെയും പരിപാലന വൈഭവത്തിന്റെയും ദൃഷ്ടാന്തങ്ങൾ കണ്ടെത്താൻ കഴിയുന്നതിനും, പുറമെ നിന്നുള്ള തെളിവുകൾ ആവശ്യമില്ലാത്ത വണ്ണം മരണാനന്തര ജീവിതത്തിന്റെ സാധ്യത മനസ്സിലാക്കാനുമാണ്. പ്രസ്തുത സൂക്തത്തിലെ لنبين لكم എന്ന വാക്യത്തിന്റെ താൽപര്യം അതാണ്. മനുഷ്യന്റെ ജന്മത്തിന് മുമ്പും പിമ്പുമുണ്ടാകുന്നുവെന്ന് ഖുർആൻ പറയുന്ന അവസ്ഥാന്തരങ്ങൾ ആധുനിക ഭ്രൂണ ശാസ്ത്രം ശരിവെക്കുന്ന കാര്യവും *ഖുർആൻ ബോധനം* അവിടെ ചർച്ച ചെയ്തിരിക്കുന്നു.

ഒരു പദാർഥത്തിന്റെ ഏറ്റവും മികച്ചതും ആ പദാർഥത്തിന്റെ എല്ലാ ഗുണങ്ങൾക്കും നിമിത്തമായി വർത്തിക്കുന്നതുമായ ഘടകമാണ് അതിന്റെ سلالة. ഈർപ്പമുള്ള വസ്തുക്കളുടെ സുലാലത്ത് ചാറും നീരുമാണ്. ഉറച്ച വസ്തുക്കളിൽ സുലാലത്ത് കാതലും അകക്കാമ്പുമാണ്. سلالة ൽ നിന്ന് ഉത്ഭവിച്ച سَلَّ എന്ന ക്രിയക്ക് ഊരി എന്നാണർഥം. سليل എന്ന വിശേഷണം മികവിനെ കുറിക്കുന്നു. هو سليل المجد എന്നാൽ 'അയാൾ പ്രസംസനീയമായ സ്ഥാനമലങ്കരിക്കുന്നവനാണ്' എന്നർഥം. ഇവിടെ മനുഷ്യൻ (الانسان) കൊണ്ട് വിവക്ഷ ആദി പിതാവ് ആദം (അ) ആവാം. കളിമണ്ണിൽ നിന്ന് നേരിട്ടാണല്ലോ അദ്ദേഹം സൃഷ്ടിക്കപ്പെട്ടത്. 37:11 ൽ ആ മണ്ണിനെ ഒട്ടുന്ന കളിമണ്ണ് طِينٖ لَّازِبِۭ എന്നും 15:28,33 സൂക്തങ്ങളിൽ വരണ്ട കളിമണ്ണിൽ നിന്നുള്ള കറുത്തുനാറിയ പദാർഥം مِّن صَلۡصَٰلٖ مِّنۡ حَمَإٖ مَّسۡنُونٖ എന്നും വിശേഷിപ്പിച്ചിരിക്കുന്നു. ഇവിടെ പറയുന്ന سلالة -സത്ത്- തന്നെയായിരിക്കണം ആ വിശേഷണം സൂചിപ്പിക്കുന്നത്. الانسان കൊണ്ടുദ്ദേശ്യം ഈ ലോകത്ത് ജനിച്ചു മരിക്കുന്ന ഓരോ മനുഷ്യനുമാകാവുന്നതുമാണ്. ഓരോ മനുഷ്യന്റെയും സൃഷ്ടിയിലുള്ള അടിസ്ഥാന ധാതു ഫലപുഷ്ഠിയുള്ള മണ്ണിന്റെ സത്താകുന്നു. ഓക്സിജൻ മുതൽ മാംഗനീസ് വരെയുള്ള 16 ഭൗമഘടകങ്ങളുടെ സമുച്ചയമാണ് മനുഷ്യശരീരമെന്ന് ആധുനിക ശാസ്ത്രം ഗവേഷണ പഠനങ്ങളിലൂടെ തെളിയിച്ചിട്ടുണ്ട്. പ്രജനനാർഥം ഈ ഘടകങ്ങൾ ബീജത്തിന്റെയും അണ്ഡത്തിന്റെയും രൂപത്തിലാക്കി പുരുഷന്റെയും സ്ത്രീയുടെയും ശരീരത്തിൽ സുരക്ഷിതമായി സൂക്ഷിക്കുന്നു. فی قرار مكين എന്ന വാക്കിനെയാണ് 'സുരക്ഷിതമായ സ്ഥാനത്ത് ഉളവാകുന്ന' എന്ന് തർജമ ചെയ്തിരിക്കുന്നത്. കേന്ദ്രവും വാസസ്ഥലവുമാണ് قرار. ഹിതകരവും സൗകര്യപ്രദവും സ്വതന്ത്രമായി കൈകാര്യം ചെയ്യാവുന്നതുമാണ് مكين. ഉന്നത സ്ഥാനം എന്നും ഇതിനർഥമുണ്ട്. സ്വാതന്ത്ര്യവും അധികാരവും സ്ഥാനത്തിന്റെ ഔന്നത്യവുമൊന്നും ബീജത്തെ സംബന്ധിച്ചേടത്തോളം പ്രസക്തമാകുന്നില്ല. ബീജത്തിന്റെ പ്രകൃതിക്കിണങ്ങുന്നതും അതിന് സുഖകരവും സുരക്ഷിതവുമായി വർത്തിക്കാവുന്നതുമായ കേന്ദ്രമാണ് അതിനെ

സംബന്ധിച്ചേടത്തോളം مكين. നട്ടെല്ലിനും വാരിയെല്ലുകൾക്കു മിടയിൽ നിന്നാണ് ശുക്ലം ഉത്ഭവിക്കുന്നതെന്ന് 86:7-ൽ പ്രസ്താവിക്കുന്നുണ്ട്.

ഒരു പിടി മണ്ണും അല്ലെങ്കിൽ ഒരു തുള്ളി വെള്ളവും, ആരോഗ്യവും കരുത്തും ബുദ്ധിയും വിവേകവുമുള്ള മനുഷ്യനും തമ്മിൽ എന്തു താരതമ്യമാണുള്ളത്? ദൈവത്തിന്റെ ഈ സൃഷ്ടിവൈഭവമാണ് മനുഷ്യന്റെ അസ്തിത്വത്തിൽ വിളങ്ങുന്നത്. മനുഷ്യനിൽ മാത്രമല്ല എല്ലാ പ്രാപഞ്ചിക പ്രതിഭാസങ്ങളിലും അതുല്യമായ ഈ നിർമാണ വൈഭവം പ്രകടമാണ്. താനുദ്ദേശിക്കുന്ന വസ്തുക്കളെ ഇല്ലായ്മയിൽ നിന്ന് നിഷ്പ്രയാസം ഉളവാക്കാൻ കഴിവുള്ള ദൈവത്തിന് ഒരിക്കൽ ഉണ്ടാക്കിയ വസ്തുക്കളുടെ പുനഃസൃഷ്ടി പ്രയാസകരമാകുന്നതെങ്ങനെ? 86:8 ൽ ശുക്ലത്തിന്റെ പ്രഭവ സ്ഥാനം പരാമർശിച്ച ഉടനെ إِنَّهُۥ عَلَىٰ رَجْعِهِۦ لَقَادِرٌ (തീർച്ചയായും മനുഷ്യനെ പുനഃസൃഷ്ടിക്കാൻ കഴിവുള്ളവൻ തന്നെയാണവൻ) എന്ന് എടുത്തു പറയുന്നുണ്ട്. നിസ്സാരമായ ബീജാണ്ഡ സംയുക്തത്തെ അതിനോട് യാതൊരു താരതമ്യവുമില്ലാത്തവിധം പൂർണമനുഷ്യനാക്കി ജനിപ്പിച്ച നിർമാണ വൈഭവത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ് ثُمَّ أَنشَأْنَٰهُ خَلْقًا ءَاخَرَ എന്ന വാക്യം.

സ്വന്തം സൃഷ്ടിയിലടങ്ങിയ ആസൂത്രിതവും ക്രമാനുഗതവുമായ വികാസപ്രക്രിയ മനസ്സിലാക്കുന്ന മനുഷ്യനിലുളവാകുന്ന പ്രതികരണമാണ് فَتَبَارَكَ ٱللَّهُ أَحْسَنُ ٱلْخَٰلِقِينَ. സൃഷ്ടിവൈഭവത്തിന്റെയും സൗന്ദര്യാത്മകതയുടെയും പരമകാഷ്ഠയെ കുറിക്കുന്ന പ്രയോഗമാണ് أَحْسَنُ ٱلْخَٰلِقِينَ. അവൻ വെറുമൊരു സ്രഷ്ടാവ്-ആദി കാരണം-അല്ല. സൃഷ്ടികർമം വെറും ലീലാ വിലാസവുമല്ല. ഓരോ സൃഷ്ടിയും അവന്റെ യുക്തിജ്ഞതയും നന്മയും അനുഗ്രഹവും കാരുണ്യവും സാക്ഷ്യപ്പെടുത്തുന്നു.

മനുഷ്യഭ്രൂണത്തിന്റെ ക്രമാനുഗതമായ വികാസ പരിണാമ പ്രക്രിയകളുടെ ആഴത്തിലുള്ള പഠനം പല ശാസ്ത്രകാരന്മാരെയും ദൈവ വിശ്വാസത്തിലേക്ക് നയിക്കുന്നു. അതേ പഠനം തന്നെ ചിലർ ദൈവ നിഷേധത്തിനും ന്യായമാക്കുന്നു. അവർ പറയും: പുരുഷന്റെ ടെസ്റ്റിക്കിളിലെ ജീവകോശങ്ങൾ വിഭജിച്ച് ജീവനുള്ള പുരുഷബീജം വളരുന്നു. സ്ത്രീയുടെ ഓവറി എന്ന അവയവത്തിലെ ജീവനുള്ള കോശങ്ങൾ ജീവനോടെ വിഭജിച്ച് സ്ത്രീ ബീജവും ഉണ്ടാകുന്നു. ഈ സജീവ കോശങ്ങൾ ഗർഭാശയത്തിൽ സംയോജിച്ച് സിക്തകോശമായി രൂപപ്പെടുന്നു. സിക്തകോശം രണ്ടായും നാലായും വിഭജിച്ച് വിഭജിച്ച് ജീവി വളരുന്നു. ജീവൻ അതിന്റെ സ്വഭാവമാണ്. ജൈവ ശരീരത്തിലെ ആന്തരിക ജൈവ രാസ പ്രക്രിയയുടെ ഉൽപ്പന്നമാണ് ജീവൻ. അതിന് ബാഹ്യശക്തിയുടെ ഇടപെടൽ ആവശ്യമില്ല. മരണാന്തരം മനുഷ്യജീവിതത്തിൽ നിന്ന് ഒന്നും പുറത്തുപോകുന്നില്ല. പരലോക വിശ്വാസവും സ്വർഗ നരക വാദങ്ങളുമെല്ലാം അന്ധവിശ്വാസങ്ങളാണ്.... ഇങ്ങനെ പോകുന്നു വാദങ്ങൾ.

ഭ്രൂണത്തിന്റെ വികാസപരിണാമങ്ങളെക്കുറിച്ച് ഖുർആൻ പറയുന്നതും ശാസ്ത്രത്തിന്റെ കണ്ടെത്തലുകളും പരസ്പര വിരുദ്ധമല്ല: പരസ്പരം സാക്ഷ്യപ്പെടുത്തുന്നതാണ്. അതുകൊണ്ട് ആ പ്രക്രിയയെക്കുറിച്ച് ഇസ്‌ലാമും ശാസ്ത്രവും തമ്മിൽ തർക്കവുമില്ല. തർക്കമുള്ളത് ആ പ്രക്രിയക്ക് പിന്നിൽ അദൃശ്യ ശക്തി ഉണ്ടോ എന്ന വിഷയത്തിലാണ്. ഉണ്ടെങ്കിൽ അതിനെ വസ്തുവിലും അതിന്റെ ചലനത്തിലും മാത്രം തിരഞ്ഞാൽ കാണുകയില്ല. ദൈവം ഒരു വസ്തുവിലും 'താൻ നിർമിച്ചത്' (മെയ്ഡ് ബൈ ഗോഡ്) എന്ന് എഴുതി വെച്ചിട്ടുമില്ല. നിർമാതാവിനെ കാണുന്നില്ല അല്ലെങ്കിൽ നിർമിതിയിൽ നിർമാതാവിന്റെ മേൽവിലാസമില്ല എന്നതുകൊണ്ട് മാത്രം ഒരു വസ്തുവിന്ന് നിർമാതാവില്ല, അതു സ്വയം ഉണ്ടായതാണ് എന്നുവരുമോ? വരുമെന്നാണ് നാസ്തികർ പറയുന്നത്. ഒരു ഇലക്ട്രോണിക് വാച്ച്. അത് എന്തിന് വേണ്ടി നിർമിച്ചതാണെന്നോ ആര് നിർമിച്ചതാണെന്നോ അതിന്മേൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് കരുതുക. ഒരു വിദഗ്ധൻ അതു തുറന്നു പരിശോധിക്കുന്നു. അതിനകത്ത് ബാറ്ററിയും ചില ഇലക്ട്രോണിക് യന്ത്രങ്ങളും, പുറത്ത് ഈ ഉപകരണങ്ങളുമായി ബന്ധിപ്പിച്ച് ചില സൂചികളും അയാൾ കാണുന്നു. ബാറ്ററിയിൽ നിന്നുള്ള വൈദ്യുതിമൂലം പ്രവർത്തിക്കുന്ന ഇലക്ട്രോണിക്ക് ഉപകരണങ്ങൾ പുറമെയുള്ള സൂചികളെ ചലിപ്പിക്കുന്നതായും ആ ചലനത്തിന്റെ വേഗതയെ നാം സമയഗണനയുടെ മാനദണ്ഡമായി കണക്കാക്കുന്നതായും അയാൾ കണ്ടെത്തുന്നു. ഈ കണ്ടെത്തലുകൾ തികച്ചും ശരിയാണ്. അതുപക്ഷെ ആ വാച്ചിന് ഒരു നിർമാതാവ് ഇല്ല എന്നതിനോ അതിന്റെ നിർമിതിക്ക് ഒരുദ്ദേശ്യമില്ല എന്നതിനോ തെളിവാകുന്നില്ല. അതുപോലെ ഒരു ബീജം മനുഷ്യനായി ജന്മം കൊള്ളുന്നത് ഇന്നയിന്ന പരിണാമ പ്രക്രിയകളിലൂടെയാണ് എന്ന് കണ്ടെത്തുന്നത് ആ പ്രക്രിയക്കു പിന്നിൽ ഒരു കർത്താവില്ല എന്നതിനും തെളിവാകുന്നില്ല.

ദൈവം ഇല്ല എന്നതിന് നാസ്തികർക്കുള്ള തെളിവ് അവൻ പഞ്ചേന്ദ്രിയങ്ങൾക്ക് വിധേയനാകുന്നില്ല എന്നതാണ്. ഇന്ദ്രിയവിധേയമായ പദാർഥ ലോകത്തിനപ്പുറം യാതൊന്നുമില്ല എന്നാണവരുടെ നിലപാട്. പദാർഥങ്ങളുടെ ഘടനയെയും ചലനരീതിയെയും വികാസ പരിണാമങ്ങളെയും കുറിച്ച അറിവാണ് അവരുടെ അറിവിന്റെ പരമാവധി ذَٰلِكَ مَبْلَغُهُم مِّنَ ٱلْعِلْمِ (53:30). എന്നാൽ ഭൗതിക ലോകത്തെക്കുറിച്ച് എത്ര വിപുലമായ ജ്ഞാനമാർജിച്ചാലും അതുവഴി അജ്ഞേയമായ അതിഭൗതിക ലോകം ജ്ഞേയമാവുകയില്ല. ദൈവം അവന്റെ ദൂതന്മാരിലൂടെ അറിയിച്ചു തരുന്നതാണ് അതിഭൗതികലോകത്തെ സംബന്ധിച്ച അറിവ്. മനുഷ്യ പ്രകൃതിയുടെയും ബുദ്ധിയുടെയും താൽപര്യത്തിലും ദൈവദൂതന്മാരുടെ സത്യസന്ധതയിലും ഊന്നി, അവർ വെളിപ്പെടുത്തുന്ന അറിവുകൾ അംഗീകരിക്കുകയാണ് വിശ്വാസം. തങ്ങൾ അറിഞ്ഞ പദാർഥജ്ഞാനമാണ് ജ്ഞാനത്തിന്റെ പരമാവധി എന്ന് വിശ്വസിച്ച്, ദൈവവും പരലോകവും ഇന്ദ്രിയഗോചരമാകണമെന്ന് വാശി പിടിക്കുന്നവരോട് തർക്കിക്കുന്നതു നിഷ്ഫലമാണ്. മുഴക്കോല് കൊണ്ട് തൂക്കവും ത്രാസു കൊണ്ട് നീളവും അളക്കണമെന്നു വാശി പിടിക്കുന്നതു പോലെയാണത്.

فَأَعْرِضْ عَن مَّن تَوَلَّىٰ عَن ذِكْرِنَا وَلَمْ يُرِدْ إِلَّا ٱلْحَيَوٰةَ ٱلدُّنْيَا ﴿٢٩﴾

(ഭൗതിക ജീവിതത്തിൽ കവിഞ്ഞൊന്നും കാംക്ഷിക്കാതെ നമ്മുടെ ഉൽബോധനത്തിൽ നിന്ന്-ദൈവദൂതന്മാരിലൂടെ നാം വെളിപ്പെടുത്തിയ അഭൗതിക യഥാർഥ്യങ്ങളിൽ നിന്ന്-പിന്തിരിയുന്നവരെ അവരുടെ പാട്ടിനു വിട്ടേക്കുക- 53:29). ■